ജില്ലാ ക്ഷേമനിധി ഇൻസ്പെക്ടർമാർ നൽകുന്നുള്ളൂ. ഇപ്രകാരമുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലേലത്തിൽ പങ്കെടുക്കുന്നവർ മുൻകൂട്ടി കരസ്ഥമാക്കിയിരിക്കണമെന്ന വ്യവസ്ഥ കേരള അബ്കാരി ഷാപ്പ് (ലേലത്തിൽ നൽകുന്ന) ചട്ടങ്ങളിൽ 5-ാം ചട്ടം 4 എ ഉപവകുപ്പ് പ്രകാരം ഉള്ളതാണ്.

അനധികൃതമായി കടത്തിയ സ്പിരിറ്റ്

1648 [2472] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ അനധികൃതമായി കടത്തിക്കൊണ്ടുവന്ന എത്ര ലിറ്റർ സ്പിരിറ്റാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പിടിച്ചെടുത്തത്;

(ബി) ഇയ്യിടെ കോയമ്പത്തൂർ—പാലക്കാട് റോഡിൽ കുനിയമുത്തൂരിൽ വച്ച് മലയാളിയായ അശോക് കുമാറിനേയും, വേറെ ചിലരേയും സ്പിരിറ്റ് കേരളത്തിലേയ്ക്ക് കടത്താൻ ശ്രമിച്ചതിന്റെ പേരിൽ അറസ്റ്റുചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചിറയിൻകീഴ് പ്രദേശത്തെ വ്യാജച്ചാരായവിൽപ്പന

1649 [2473] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴും പരിസരപ്രദേശത്തും വ്യാജച്ചാരായം വിൽപ്പന നടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശങ്ങളിലെ വ്യാജച്ചാരായവിൽപ്പന കർശനമായി തടയാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെക്കത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

1650 [2474] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കേന്ദ്രമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് ഓഫീസ് തുറക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വൈക്കത്ത് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് തുറക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly